**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2524** **02-08-2021 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി വിഭാഗം അദ്ധ്യാപകരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചത് വിദ്യാലയങ്ങളിൽ മികച്ച പ്രീ പ്രൈമറി ക്ലാസുകൾ ഏർപ്പെടുത്തിയത് കൂടി കൊണ്ടാണെന്നതിൽ സർക്കാരിന്റെ വിലയിരുത്തൽ അറിയിക്കാമോ; | (എ) | മികച്ച പ്രീ-പ്രൈമറി ക്ലാസ്സുകൾ ഏർപ്പെടുത്തിയതുമൂലം കൂടുതൽ കുട്ടികൾ പ്രീ-പ്രൈമറി ക്ലാസ്സുകളിൽ എത്തുകയും ഈ കുട്ടികൾ തുടർന്നും സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന പ്രവണതയാണ് കാണുന്നത്. |
| (ബി) | പൊതുവിദ്യാലയങ്ങളിലെ പ്രീ പ്രൈമറി വിഭാഗം അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് നിശ്ചയിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (ബി) | പൊതുവിദ്യാലയത്തിലെ പ്രീ-പ്രൈമറി വിഭാഗം അദ്ധ്യാപികമാർക്കും ആയമാർക്കും ഒരു വർഷത്തിൽ 15 ആകസ്മിക അവധിയും ഓണറേറിയത്തോടുകൂടി ആറുമാസം പ്രസവാവധിയും കൂടാതെ കാൻസർ പോലുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവിന്റെ വ്യവസ്ഥകൾ-ക്കനുസരിച്ച് ഓണറേറിയ- ത്തോടുകൂടിയുള്ള അവധിയും അനുവദിച്ച് ഉത്തരവ് നിലവിലുണ്ട്. (സർക്കാർ ഉത്തരവ് (കൈ) 110/2017/പൊ.വി.വ. തീയതി 07.09.2017). സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന അംഗീകൃത പ്രീ-പ്രൈമറി ജീവനക്കാർക്ക് സർക്കാർ ഓണറേറിയം നൽകി വരുന്നുണ്ട്. നിലവിൽ സർക്കാർ ഉത്തരവ് (സാധാ) നം.1047/2021/ പൊ.വി.വ തീയതി 03.02.2021 പ്രകാരം താഴെ പറയുന്ന രീതിയിൽ പ്രതിമാസ ഓണറേറിയമായി അനുവദിച്ചു വരുന്നു. 10വർഷത്തിൽതാഴെ സേവന-മുള്ള അദ്ധ്യാപകർക്ക് 12,000/- രൂപ. 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,500/-രൂപ. 10വർഷത്തിൽതാഴെ സേവന- മുള്ള ആയമാർക്ക് 7,000/- രൂപ. 10വർഷത്തിന് മുകളിൽ സേവന കാലയളവുള്ള ആയമാർക്ക് 7,500/-രൂപ. |
| (സി) | പൊതുവിദ്യാലയങ്ങളിൽ വർഷങ്ങളായി ശമ്പളമില്ലാതെ ജോലി നോക്കുന്ന പ്രീ പ്രൈമറി വിഭാഗം അദ്ധ്യാപകരുടെ വേതനം ഈ മഹാമാരി | (സി) | സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിൽ 01.08.2012-ൽ സേവനത്തിൽ |

| | | | |
|---|---|---|---|
| | കാലഘട്ടത്തിലെ വറുതികൾ പരിഗണിച്ചെങ്കിലും അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ; ഉദ്ദേശിത നടപടികൾ വിശദമാക്കാമോ; | | ഉണ്ടായിരുന്ന എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകിവരുന്നുണ്ട്. ഇതിനുശേഷം പ്രീ-പ്രൈമറികൾ ആരംഭിക്കരുതെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി പി.ടി.എ. ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്കും ആയമാർക്കുമാണ് സർക്കാർ ഓണറേറിയം ലഭിക്കാത്തത്. |
| (ഡി) | പൊതു വിദ്യാലയങ്ങളിലെ പ്രീ പ്രൈമറി വിഭാഗം ക്ലാസ്സുകൾ അഭിലഷണീയമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മകമായ സഹകരണം ഉറപ്പ് വരുത്താമോ;പ്രീ പ്രൈമറി വിഭാഗം അധ്യാപകർക്ക് യഥാസമയം വേതനം നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ സർക്കാർ സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ- ളുടെ കൂടി അധികാര പരിധിയിൽ വരുന്നതാണ്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കുമാണ് നിലവിൽ സർക്കാർ ഓണറേറിയം നൽകിവരുന്നത്. ടി ജീവനക്കാർക്ക് സർക്കാർ ഘട്ടംഘട്ടമായി ഓണറേറിയം തുക വർദ്ധിപ്പിച്ച് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ